**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4739** **02-07-2024 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ മുന്നറിയിപ്പ് മൂലം കടലിൽ പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ മുന്നറിയിപ്പ കാരണം കടലിൽ പോകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ജീവിത മാർഗ്ഗം തടസ്സപ്പെടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും പരിഹാര മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരമായി ആകെ 36.126 കോടി രൂപ വിതരണം ചെയ്തു. കടൽ , ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധതൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് അനുവദിച്ചിട്ടുള്ളത്. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെ തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെട്ടു ത്തിയ കാലയളവിൽ കടൽ മത്സ്യ ത്തൊഴിലാളികൾക്കും, അനുബന്ധ തൊഴി ലാളികൾക്കും ഒരു കുടുംബത്തിന് 1200 രൂപ വീതം കണക്കാക്കി 18.36 കോടി രൂപ വിതരണം ചെയ്തു. 1,24,970 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്കും ഈ ആനുകൂല്യം ലഭ്യമായി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധന ദിനങ്ങൾ നഷ്ടപ്പെട്ടത് പരിഗണിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,40,211 മത്സ്യത്തൊഴിലാളി കൾക്കും 84,531 അനുബന്ധതൊഴി ലാളികൾക്കും 1000 രൂപ വീതം കണക്കാക്കി ആകെ 32.47 കോടി രൂപ അനുവദിച്ചു. 2021 ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കാലവർഷത്തെ തുടർന്നുള്ള മത്സ്യബന്ധന വിലക്കുള്ള കാലയളവിൽ മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളികൾക്കായി ആകെ 47.84 കോടി രൂപ വിതരണം ചെയ്തു. ഒരു കുടുംബത്തിന് 3,000 രൂപ വീതം കണക്കാക്കി ആകെ 1,59,481 കുടുംബങ്ങൾക്ക് ധനസഹായം നൽകി. 2022 ഏപ്രിൽ, മെയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ |

| | | | |
|---|---|---|---|
| | | | തൊഴിൽ നഷ്ടത്തിന് 1,66,756 അംഗീകൃത സമുദ്ര, അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് (1,31,347 fishermen + 35,409 allied fishermen families) ഒരു ദിവസം 200/- രൂപ വീതം ആകെ 50.027 (അമ്പത് കോടി രണ്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി.<br><br>കൂടാതെ ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധതൊഴിലാളിക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകിവരുന്നുണ്ട്. |
| (ബി) | കടലിൽ പോകുന്നതിന് നിയന്ത്രണമുള്ള ദിവസങ്ങളിലേക്ക് മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരമായി ആകെ 36.126 കോടി രൂപ വിതരണം ചെയ്തു. കടൽ , ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധതൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് അനുവദിച്ചിട്ടുള്ളത്. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെ തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടു ത്തിയ കാലയളവിൽ കടൽ മത്സ്യ ത്തൊഴിലാളികൾക്കും, അനുബന്ധ തൊഴി ലാളികൾക്കും ഒരു കുടുംബത്തിന് 1200 രൂപ വീതം കണക്കാക്കി 18.36 കോടി രൂപ വിതരണം ചെയ്തു. 1,24,970 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്കും ഈ ആനുകൂല്യം ലഭ്യമായി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധന ദിനങ്ങൾ നഷ്ടപ്പെട്ടത് പരിഗണിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,40,211 മത്സ്യത്തൊഴിലാളി കൾക്കും 84,531 അനുബന്ധതൊഴി ലാളികൾക്കും 1000 രൂപ വീതം കണക്കാക്കി ആകെ 32.47 കോടി രൂപ അനുവദിച്ചു. 2021 ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കാലവർഷത്തെ തുടർന്നുള്ള മത്സ്യബന്ധന വിലക്കുള്ള കാലയളവിൽ മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളികൾക്കായി ആകെ 47.84 |

| | | | | |
|---|---|---|---|---|
| | | | | കോടി രൂപ വിതരണം ചെയ്തു. ഒരു കുടുംബത്തിന് 3,000 രൂപ വീതം കണക്കാക്കി ആകെ 1,59,481 കുടുംബങ്ങൾക്ക് ധനസഹായം നൽകി. 2022 ഏപ്രിൽ, മെയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 അംഗീകൃത സമുദ്ര, അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് (1,31,347 fishermen + 35,409 allied fishermen families) ഒരു ദിവസം 200/- രൂപ വീതം ആകെ 50.027 (അമ്പത് കോടി രണ്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി.<br><br>കൂടാതെ ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധതൊഴിലാളിക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ